**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6463** **20-03-2023 - ൽ മറുപടിയ്ക്ക്**

**കുറുമാലിപ്പുഴയിൽ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിലെ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ കുറുമാലിപ്പുഴയിൽ റെഗുലേറ്റർ കം ബ്രിഡ്ജിന്റെയും തകർന്ന അപ്രോച്ച് റോഡിന്റെയും നിർമ്മാണം പൂർത്തിയാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത അപ്രോച്ച് റോഡിലൂടെയുള്ള ഗതാഗത തടസ്സം പരിഹരിക്കുന്നതിനായി റോഡ് പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (ബി) | പ്രസ്തുത അപ്രോച്ച് റോഡിലൂടെയുള്ള ഗതാഗത തടസ്സം പരിഹരിക്കുന്നതിനായി റോഡ് പുനഃനിർമ്മിക്കുന്നതിന് 155.2 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ചീഫ് എഞ്ചിനീയർ, (ഐ&എ) സർക്കാരിൽ സമർപ്പിച്ചിരുന്നു. എന്നാൽ എസ്റ്റിമേറ്റിൽ കൂടുതൽ വ്യക്തത വരുത്തുവാൻ സർക്കാർ ആവശ്യപ്പെട്ടതിനെ തുടർന്ന് പ്രസ്തുത എസ്റ്റിമേറ്റ് തയ്യാറാക്കാൻ ഉപയോഗിച്ച ഡിസൈൻ പുനഃപരിശോധിക്കുന്ന നടപടികൾ ഐ.ഡി.ആർ.ബി ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സ്വീകരിച്ചുവരുന്നു. |
| (സി) | റെഗുലേറ്റർ കം ബ്രിഡ്ജ് പ്രവർത്തനക്ഷമമാക്കുന്നതിനായുള്ള നിർമ്മാണ പ്രവൃത്തികൾക്ക് അനുവാദം നൽകാൻ നടപടി സ്വീകരിക്കുമോ? | (സി) | ആർ.സി.ബി പ്രവർത്തനക്ഷമമാക്കുന്നതിനായുള്ള നിർമ്മാണ പ്രവൃത്തിയുടെ രൂപകല്പന ചെയ്യുന്നതിന് ചീഫ് എഞ്ചിനീയർ, ഐ&എയുടെ കാര്യാലയത്തിൽ നിന്നും ഐ.ഡി.ആർ.ബി-ചീഫ് എഞ്ചിനീയർക്ക് നല്കിയിരുന്നു., പ്രസ്തുത പ്രവൃത്തിയുടെ ഡിസൈൻ പൂർത്തിയാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയാലുടൻ തന്നെ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ